**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5248** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാലടി സംസ്കൃത സർവ്വകലാശാലയിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലടി സംസ്കൃത സർവ്വകലാശാലയിൽ ബി.എ. ഡിഗ്രി പരീക്ഷ പാസ്സാകാത്ത വിദ്യാർഥികൾക്ക് എം.എ. കോഴ്സിന് പ്രവേശനം നൽകിയോ എന്ന് അറിയിക്കാമോ; എങ്കിൽ എത്ര പേർക്ക് പ്രവേശനം നൽകി എന്ന് വ്യക്തമാക്കുമോ; | (എ) | പ്രവേശനം നൽകിയിട്ടില്ല. ഡിഗ്രിക്ക് ഒന്നു മുതൽ അഞ്ചു വരെ സെമസ്റ്റ റുകൾ പാസ്സായ, ആറാം സെമസ്റ്റ റിന്റെ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഫൈനൽ സെമസ്റ്ററിന്റെ ഫലത്തിന് വിധേയ മായി താൽക്കാലികമായിട്ടാണ് 2021 ൽ പ്രവേശനം നൽകിയത്. നിശ്ചിത സമയപരിധിയിൽ ആറു സെമസ്റ്ററും പാസാകാത്തവരുടെ അഡ്മിഷൻ റദ്ദു ചെയ്തിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ പ്രവേശനം നേടിയവർ എം.എ. ക്ലാസ്സുകളിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | തുടരുന്നില്ല. |
| (സി) | ഇവർക്ക് പ്രവേശനം നൽകിയതിന് ഉത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലയുടെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിന് തിരുവനന്തപുരം, കൊയിലാണ്ടി പ്രാദേ ശിക കേന്ദ്രം ഡയറക്ടർമാരെയും, സോഷ്യോളജി, സംസ്കൃത വ്യാകരണം, ഭരതനാട്യം വിഭാഗം അധ്യക്ഷന്മാരെ യും സർവ്വകലാശാല താക്കീത് നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സിൻഡിക്കേറ്റ് അംഗങ്ങളുടെ നേതൃത്വ ത്തിൽ 2022 ലെ പ്രവേശനത്തിന് പി.ജി എൻട്രൻസ് സെൽ രൂപീകരിച്ച് അതി ന്റെ നേതൃത്വത്തിലാണ് പ്രവേശന നടപടികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ